**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 313** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സിവിൽ സപ്ലൈസ് ഗോഡൗണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിന് സിവിൽസപ്ലൈസ് വകുപ്പിന് സ്വന്തമായി എത്ര ഗോഡൗണുകൾ ഉണ്ടെന്നും സപ്ലൈകോ വഴി എത്ര ഗോഡൗണുകൾ വാടകയ്ക്ക് എടുത്തിട്ടുണ്ടെന്നും അവയ്ക്ക് വാടകയിനത്തിൽ പ്രതിമാസം എത്ര തുക ചെലവാക്കുന്നുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിരിക്കുന്നത് സപ്ലൈകോയെ ആണ്.റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിനായി ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനായി സപ്ലൈകോ വഴി വാടകയ്ക്കെടുത്തിട്ടുള്ള ഗോഡൗണുകളുടെ എണ്ണം 209 ആണ്.അവയ്ക്ക് വാടകയിനത്തിൽ പ്രതിമാസം ചെലവാകുന്ന തുകയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വാടകയ്ക്ക് പ്രവർത്തിക്കുന്ന ഗോഡൗണുകൾ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന വിധത്തിൽ ശാസ്ത്രീയമായി നിർമിക്കപ്പെട്ടിട്ടുള്ളതാണോയെന്ന പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഗോഡൗണുകളാണ് അത്തരത്തിൽ നിർമിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഉണ്ട്. 63 എണ്ണം ശാസ്ത്രീയമായി നിർമ്മിക്കപ്പെട്ടവയാണ് . |
| (സി) | ഗോഡൗണുകൾ ശാസ്ത്രീയമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ മുഴുവൻ ഗോഡൗണുകളും സപ്ലൈകോ പരിശോധിച്ചിട്ടുള്ളതാണ്. ഭക്ഷ്യധാന്യങ്ങൾ സുരക്ഷിതമായി സംഭരിച്ച് വിതരണം നടത്തുന്നതിന് പര്യാപ്തമല്ലാത്ത ഗോഡൗണുകൾ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ പുതിയ ശാസ്ത്രീയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനും താൽപ്പര്യപത്രം ക്ഷണിച്ച് സപ്ലൈകോ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വരുന്നു. |
| (ഡി) | സർക്കാർ പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് അവിടങ്ങളിൽ നിയമം അനുശാസിക്കുന്ന വിധം ഗോഡൗണുകൾ നിർമിച്ചാൽ വാടകയിനത്തിൽ ചെലവാകുന്ന വൻ തുക ലാഭിക്കാൻ കഴിയുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ? | (ഡി) | ദേശീയ ഭക്ഷ്യ ഭദ്രത നിയമം,2013 അനുസരിച്ചുള്ള ഭക്ഷ്യധാന്യ സംഭരണത്തിനായി എല്ലാ താലൂക്കിലും വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൊതുവിതരണ വകുപ്പ് സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലും, പത്തനംതിട്ട ജില്ലയിലെ കോന്നി |

| | | | |
|---|---|---|---|
| | | | താലൂക്കിലും ഗോഡൗൺ നിർമ്മാണത്തിന്റെ ഭാഗമായിട്ടുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ 11 ജില്ലകളിലെ 20 താലൂക്കുകളിലായി ഗോഡൗൺ നിർമ്മാണത്തിന് അനുയോജ്യമായ റവന്യൂ ഭൂമി (കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ കണ്ടെത്തിയിരിക്കുന്നത് സ്വകാര്യ ഭൂമിയാണ്) കണ്ടെത്തുകയും ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | സപ്ലൈകോ വഴി വാടകയ്ക്കെടുത്തിട്ടുള്ള ഗോഡൗണുകൾക്കായി പ്രതിമാസം ചെലവാകുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 19,37,273/- |
| 2 | കൊല്ലം | 12,71,661/- |
| 3 | പത്തനംതിട്ട | 11,73,740/- |
| 4 | ആലപ്പുഴ | 10,86,560/- |
| 5 | കോട്ടയം | 15,11,894/- |
| 6 | എറണാകുളം | 26,78,424/- |
| 7 | ഇടുക്കി | 5,49,490/- |
| 8 | തൃശ്ശൂർ | 22,67,047/- |
| 9 | പാലക്കാട് | 22,62,039/- |
| 10 | മലപ്പുറം | 26,84,503/- |
| 11 | കോഴിക്കോട് | 19,94,347/- |
| 12 | വയനാട് | 4,17,324/- |
| 13 | കണ്ണൂർ | 18,90,509/- |
| 14 | കാസർഗോഡ് | 6,23,296/- |

**സെക്ഷൻ ഓഫീസർ**